**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 3953 — 24.06.2014-ൽ മറുപടിയ്ക്ക്

## കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായ പദ്ധതി

**ചോദ്യം**
**ശ്രീ.ഹൈബി ഈഡൻ**
**ശ്രീ.വി.റ്റി.ബൽറാം**
**ശ്രീ.പി.സി.വിഷ്ണുനാഥ്**
**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ അക്കാദമിക്-കലാ കായിക രംഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ടി പദ്ധതി പ്രകാരം 8, 9, 10, +2, ബിരുദം, ബിരുദാനന്തര കോഴ്സുകളിൽ പഠനമികവ് പ്രകടിപ്പിക്കുന്നവർക്കും, കലാകായിക മത്സരങ്ങളിൽ (ജില്ലാതലം, സംസ്ഥാനതലം, സർവ്വകലാശാല, അന്തർസർവകലാശാല) മികവ് പ്രകടിപ്പിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രത്യേക പ്രോത്സാഹന ധനസഹായം നൽകിവരുന്നു. |

| | | | |
|---|---|---|---|
| സി) | സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | സി) | കലാ കായിക മത്സര ഇനങ്ങളിൽ ഓരോ ഇനത്തിലും ഒന്നാം സ്ഥാനവും, രണ്ടാംസ്ഥാനവും നേടുന്നവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. സർക്കാർ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെയാണ് പരിഗണിക്കുന്നത്. |
| ഡി) | ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | ഡി) | 2005 മുതൽ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. സ്പെഷ്യൽ ഇൻസെന്റീവ് ടു ബ്രില്ല്യന്റ് സ്റ്റുഡന്റ് എന്ന ശീർഷകത്തിൽ നിന്നുമാണ് പദ്ധതി നടത്തിപ്പിനാവശ്യമായ തുക കണ്ടെത്തുന്നത്. |

Haripriya

സെക്ഷൻ ഓഫീസർ

h